# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കൊലപാതക കേസുകൾ</u>

224 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതേവരെ സംസ്ഥാനത്ത് നടന്ന കൊലപാതക കേസുകളിൽ എത്രയെണ്ണത്തിന്റെ പോലീസ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ടു കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇനിയും അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര ;

(സി) ഈ കാലയളവിൽ നടന്ന എത്ര കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണം സി.ബി.ഐ.യ്ക്ക് വിടുകയുണ്ടായി ; സി.ബി.ഐ. അന്വേഷണം വേണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ട കേസുകളിൽ സി.ബി.ഐ.ക്കു വിട്ടിട്ടുള്ളവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതെല്ലാം കേസുകളുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് മന്ത്രി വീട്ടിൽ ചെന്ന് ബന്ധുക്കളുമായി ചർച്ച ചെയ്യുകയുണ്ടായി ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നടന്ന കൊലപാതക കേസുകൾ</u>

225 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ ഏതൊക്കെയാണെന്നും അവയെത്രയാണെന്നും വിശദമാക്കാമോ; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഏതൊക്കെയായിരുന്നു ;

(ബി) ഇവയിൽ ഏതെല്ലാം കേസുകളിലെ അന്വേഷണം പൂർത്തിയായിട്ടുണ്ട് ; ഏതെല്ലാം കേസുകളിൽ പ്രത്യേക അന്വേഷണ വിഭാഗത്തെ ഏർപ്പെടുത്തുകയുണ്ടായി ;

(സി) കൊലപാതകം ചെയ്യപ്പെട്ട ആരുടെയെല്ലാം വീടുകളിൽ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും വിവിധ ഘട്ടങ്ങളിലായി സന്ദർശനം നടത്തുകയുണ്ടായി ; സന്ദർശന ഉദ്ദേശം വെളിപ്പെടുത്തുമോ ;

(ഡി) കൊല ചെയ്യപ്പെട്ടവരുടെ മൃതദേഹം പോസ്റ്റ്മാർട്ടം നടത്തിയ ദിവസം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആഭ്യന്തര വകുപ്പ് മന്ത്രി സന്ദർശനം നടത്തിയത് എന്ത് ഉദ്ദേശ്യത്തിലായിരുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## കൊലപാതക കേസുകൾ

226 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ എത്ര; കൊല്ലപ്പെട്ടവരിൽ മലയാളികൾ എത്ര; അല്ലാത്തവരെത്ര;

(ബി) പോലീസ് അന്വേഷണത്തിലിരിക്കുന്ന കൊലപാതക കേസുകൾ എത്ര; ഏതെല്ലാം കൊലപാതക കേസുകൾ സി. ബി.ഐ അന്വേഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കൊലപാതക കേസുകൾ സി.ബി.ഐയ്ക്ക് വിടണമെന്ന് കൊലചെയ്യപ്പെട്ടവരുടെ ബന്ധുക്കൾ ആവശ്യപ്പെടുകയുണ്ടായി;

(ഡി) കൊലപാതകകേസ് അന്വേഷണം സി.ബി.ഐയ്ക്ക് വിടണം എന്നാവശ്യപ്പെട്ട ഏതെല്ലാം കേസുകളിൽ കൊല ചെയ്യപ്പെട്ടവരുടെ വീടുകളിൽചെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി ബന്ധുക്കളുമായി ചർച്ച നടത്തുകയുണ്ടായി;

(ഇ) സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട എത്ര പേരുടെ വീടുകളിൽ ആഭ്യന്തരവകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും ഈ കാലയളവിൽ നേരിട്ട് സന്ദർശനം നടത്തുകയുണ്ടായി;

(എഫ്) ആഭ്യന്തരവകുപ്പ് മന്ത്രി ഒന്നിലധികം തവണ വീട് സന്ദർശനം നടത്തി ബന്ധുക്കളുമായി ചർച്ച നടത്തിയ കൊലപാതകകേസ് ഏതായിരുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

സത്നംസിങ്ങിന്റെ മരണം

227 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം വള്ളിക്കാവ് ആശ്രമത്തിൽ ദർശനത്തിനെത്തിയ ബീഹാർ സ്വദേശി സത്നംസിങ്ങ് മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച പോലീസ് അന്വേഷണ റിപ്പോർട്ട് ഫലം വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽനിന്നുള്ള എത്രപേരിൽനിന്നും അന്വേഷണസംഘം വിവരം ശേഖരിക്കുകയുണ്ടായി; മരണകാരണം എന്തായിരുന്നുവെന്ന് വ്യക്തമായിട്ടുണ്ടോ;

(സി) മരണത്തിന് കാരണക്കാരായവർ ആരൊക്കെയാണെന്നാണ് പോലീസ് കണ്ടെത്തിയിരിക്കുന്നത്;

(ഡി) മൃതദേഹം സർക്കാർ ചെലവിൽ ബീഹാറിലേയ്ക്ക് കൊണ്ടുപോവുകയുണ്ടായോ; എന്ത് തുക ഇതിനായി ചെലവായിട്ടുണ്ട്;

(ഇ) ചെലവ് സർക്കാർ വഹിക്കാനിടയായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## സത്നംസിങ്ങിന്റെ മരണം

228 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്ത സത്നംസിങ്ങ് കൊല ചെയ്യപ്പെടുകയുണ്ടായോ; എങ്കിൽ എവിടെ വെച്ച്; എപ്പോൾ;

(ബി) സത്നംസിങ്ങിനെതിരെ അമൃതാനന്ദമയി മഠത്തിൽ നിന്നും പോലീസിന് പരാതി ലഭിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ എപ്പോൾ; പരാതി എന്തായിരുന്നു;

(സി) സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി അന്നേ ദിവസം തന്നെ മഠം സന്ദർശിക്കുകയുണ്ടായോ; മഠത്തിൽ ആരെല്ലാമായി മന്ത്രി ചർച്ച നടത്തുകയുണ്ടായി; അന്നേ ദിവസം മന്ത്രി പോലീസ് അധികൃതർക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നു; മന്ത്രി അന്ന് മഠം സന്ദർശിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു;

(ഡി) സത്നംസിങ്ങിനെതിരെ കൊല്ലം പോലീസ് ആദ്യഘട്ടത്തിൽ എന്തെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പുകൾ അനുസരിച്ചായിരുന്നു കേസെടുത്തിരുന്നത്; കൊല ചെയ്യപ്പെട്ടതിനു ശേഷം ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പോലീസ് ക്യാമ്പുകളിലെയും സ്റ്റേഷനുകളിലെയും പീഡനം</u>

229 ശ്രീ. ജെയിംസ് മാത്യൂ
,, എ. പ്രദീപ്കുമാർ
,, പുരുഷൻ കടലുണ്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് നടത്തുന്ന അറസ്റ്റുകൾ ഏറെയും നിയമവിരുദ്ധമായിട്ടുള്ളതാണെന്നും പോലീസ് മൂന്നാം മുറ പ്രയോഗിച്ചുവരികയാണെന്നുമുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് ക്യാമ്പുകളിലും സ്റ്റേഷനുകളിലും പീഡനം നടക്കുന്നുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) പോലീസ് കസ്റ്റഡിയിലെടുത്തയാളെ യഥാസമയം കോടതിയിൽ ഹാജരാക്കാറില്ലെന്ന ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; മേൽപ്പറഞ്ഞപ്രകാരമുള്ള എത്ര പരാതികൾ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഉണ്ടായിട്ടുണ്ട്;

(ഡി) നിരപരാധികളെ കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പള്ളിക്കര കിക്കാനം സ്വദേശി മനോജിന്റെ മരണം</u>

230 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ആഗസ്റ്റ് 2 ന് പള്ളിക്കര കിക്കാനം സ്വദേശി മനോജിനെ ചവിട്ടിക്കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദവിവരങ്ങൾ അറിയിക്കാമോ ;

(സി) ആരൊക്കെയാണ് പ്രതികൾ ; പ്രതികളിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(ഡി) ഇല്ലെങ്കിൽ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം എന്താണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## കൊലപാതക കേസുകളിൽ ഇടപെടുന്നതായുള്ള ആരോപണം

231

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ മുസ്ലീം ലീഗ് പ്രവർത്തകർ ചവിട്ടിക്കൊന്നതായി പറയപ്പെടുന്ന ടി. മനോജ് എന്ന ഡി. വൈ. എഫ്. ഐ പ്രവർത്തകന്റെ വീട് ആഭ്യന്തര വകുപ്പ് മന്ത്രി സന്ദർശിക്കുകയുണ്ടായോ;

(ബി) കൊല ചെയ്യപ്പെട്ട ആർ.എം.പി. പ്രവർത്തകൻ ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ ആഭ്യന്തര വകുപ്പ് മന്ത്രി എത്ര തവണ സന്ദർശനം നടത്തി; അന്വേഷണവുമായി ബന്ധപ്പെട്ട ചർച്ചകൾ ഈ അവസരത്തിൽ നടത്തുകയുണ്ടായോ;

(സി) ഇപ്രകാരം ആഭ്യന്തര വകുപ്പ് മന്ത്രി കൊലപാതക കേസുകളിൽ ഇടപെടുന്നത് നിയമാനുസൃതമാണോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

വിസിൽ ബ്ലോവർ കമ്മിറ്റി റിപ്പോർട്ട്

232 ശ്രീ. റ്റി. എൻ. പ്രതാപൻ
'' ഷാഫി പറമ്പിൽ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസിൽ ബ്ലോവർ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) അഴിമതിക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് റിപ്പോർട്ടിൽ പരാമർശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ എന്ന് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

പൊതുജനങ്ങൾക്ക് പോലീസിൽ വിവരം അറിയിക്കാൻ സൗകര്യം

233 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട എല്ലാ വിവരവും അറിയിക്കുവാൻ പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ഈ സൗകര്യം പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇങ്ങനെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഈ സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധ കേസിൽ സി. ബി.ഐ അന്വേഷണ സാധ്യത

234 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധ കേസിൽ സി. ബി.ഐ അന്വേഷണ സാധ്യത സംബന്ധിച്ച് നിയമോപദേശം തേടുകയുണ്ടായോ; ആരിൽ നിന്നെല്ലാമാണ് നിയമോപദേശം തേടിയിരുന്നത്;

(ബി) ലഭിച്ച നിയമോപദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സി. ബി. ഐ. അന്വേഷണം വേണോ എന്ന് ആലോചിക്കാനിടയായ സാഹചര്യം എന്തായിരുന്നു; പോലീസ് അന്വേഷണം സത്യസന്ധമായിരുന്നില്ലെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണ സംഘത്തിന്റെ ശുപാർശ ഇക്കാര്യത്തിലുണ്ടായിരുന്നുവോ; എങ്കിൽ എന്തായിരുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധം

235 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട ചർച്ച ചെയ്യുന്നതിന് 2012 സെപ്തംബർ 24 ന് രാവിലെ ആഭ്യന്തര വകുപ്പ് മന്ത്രി ചന്ദ്രശേഖരന്റെ വീട്ടിൽ പോയിരുന്നുവോ ;

(ബി) ആഭ്യന്തര വകുപ്പു മന്ത്രി ചന്ദ്രശേഖരന്റെ വീട്ടിൽവെച്ച് ആരെല്ലാമായി എന്തെല്ലാം ചർച്ച നടത്തുകയുണ്ടായി ; അന്വേഷണ സംഘത്തിലെ ആരെല്ലാം മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു;

(സി) ചന്ദ്രശേഖരന്റെ ഭാര്യയും ആർ.എം.പി. നേതാവും ചർച്ചയിൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി ; മന്ത്രി എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി ;

(ഡി) ചന്ദ്രശേഖരന്റെ കുടുംബവുമായി ചർച്ച ചെയ്യുന്നതിന് സർക്കാർ മന്ത്രിയെ ചുമതലപ്പെടുത്തിയത് അന്വേഷണ സംഘത്തിന്റെ ആവശ്യത്തെതുടർന്നാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കൊലചെയ്യപ്പെട്ടയാളിന്റെ ഭാര്യയുമായി നടത്തിയ ചർച്ചയെത്തുടർന്ന് വകുപ്പ് മന്ത്രി വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) മന്ത്രി സംഭവത്തെത്തുടർന്ന് എത്ര തവണ ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധം</u>

236 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വധക്കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് ഏതെല്ലാം ഘട്ടങ്ങളിൽ എന്തെല്ലാം പ്രസ്താവനകളാണ് ആഭ്യന്തര സഹമന്ത്രി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കേസ്സന്വേഷണവുമായി ബന്ധപ്പെട്ട് പ്രസ്താവനകളിലൂടെയും അല്ലാതെയും അദ്ദേഹം ഉന്നയിച്ച എന്തെല്ലാം ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാരും പോലീസ് അധികൃതരും തീരുമാനം എടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) കേസ് അന്വേഷണ സംഘം കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ ഏതെങ്കിലും നിർദ്ദേശം സ്വീകരിക്കാതിരുന്നിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

മാറാട് സംഭവത്തിലെ ഗൂഢാലോചന

237 ശ്രീ. എളമരം കരീം
,, കെ. ദാസൻ
,, പി. റ്റി. എ റഹീം
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തിൽ ഗൂഢാലോചന നടന്നതായി കാണുന്നുവെന്ന കേരള ഹൈക്കോടതി വിലയിരുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൂഢാലോചന സംബന്ധിച്ച അന്വേഷണത്തിൽ ബോധപൂർവ്വമായ വീഴ്ചകൾ വന്നതായി കോടതി കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മാറാട് കലാപം സംബന്ധിച്ച് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ വിശദീകരിക്കാമോ; വിധിയെ തുടർന്ന് കൈക്കൊണ്ട തുടർനടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മാറാട് കൊലപാതകം</u>

238 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപത്തെക്കുറിച്ച് അന്വേഷിച്ച ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കൂട്ട കൊലയ്ക്ക് പിന്നിലെ അക്രമികൾക്ക് യഥേഷ്ടം പണം ഒഴുക്കിയ എഫ്.എം. ആരായിരുന്നു എന്ന് പോലീസ് അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോ; അദ്ദേഹത്തിന് ആ കാലഘട്ടത്തിലെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാരിൽ സ്വാധീനം ഉണ്ടായിരുന്നു എന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാറാട് കലാപം സംബന്ധിച്ച സി.ബി.ഐ. അന്വേഷണം നടക്കാതെപോയത് ഏത് സാഹചര്യത്തിലായിരുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## മാറാട് കൂട്ടക്കൊല

239 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കൂട്ടക്കൊലയുടെ ഗൂഢാലോചന അറിയാമെന്ന് മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ കണ്ടെത്തിയ മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറി ശ്രീ. മായിൻ ഹാജിക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ശ്രീ.മായിൻ ഹാജിയെ ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്സിന്റെ ചെയർമാനായി നിയോഗിച്ചിട്ടുണ്ടോ;

(സി) നീതിന്യായ സംവിധാനവും പോലീസും കുറ്റക്കാരനായി കണ്ടെത്തിയ ആളെ ഇത്തരം പദവികളിൽ നിയോഗിക്കാമോ;

(ഡി) മാറാട് കൂട്ടക്കൊല സംബന്ധിച്ച് അന്വേഷിക്കുന്ന ക്രൈം ബ്രാഞ്ച് പ്രത്യേക അന്വേഷണ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>കുനിയിൽ ഇരട്ടകൊലപാതക കേസ്</u>

240 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരീക്കോട് കുനിയിൽ നടന്ന ഇരട്ടകൊലപാതക കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ആരെയെല്ലാമാണ് ഈ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുളളത് എന്നു വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ എഫ്.ഐ.ആറിൽ പ്രതിയായ പി.കെ. ബഷീറിനെ അറസ്റ്റുചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അറസ്റ്റുചെയ്യുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പി.കെ. ബഷീറിനെ പ്രതിസ്ഥാനത്തു നിന്നും ഒഴിവാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## രഘുവിന്റെ കൊലപാതകം

241

### ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് യാത്രക്കാരനായ രഘുവിനെ അടിച്ചുകൊന്ന കേസിൽ ഒന്നാം പ്രതിയായ എ. ആർ. സതീശനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് അന്വേഷണ സംഘം സംസ്ഥാന സർക്കാരിന്റെ അനുമതി തേടിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് അനുമതി തേടിയത്;

(സി) പ്രതിക്കെതിരെയുള്ള പ്രോസിക്യൂഷന് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്;

(ഡി) അനുവാദം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ഡി. വൈ. എഫ്. ഐ നേതാവ് ടി. മനോജിന്റെ കൊലപാതകം

242 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഡി. വൈ. എഫ്. ഐ നേതാവ് ടി. മനോജിനെ (24) കൊലപ്പെടുത്തിയത് സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അന്വേഷണ സംഘത്തിൽപ്പെട്ട പോലീസുകാർ ആരൊക്കെയാണ്;

(സി) എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവരും ഇന്ത്യൻ യൂണിയൻ ലീഗും തമ്മിലുളള ബന്ധം എന്താണ്; എഫ്. ഐ. ആറിൽ എത്ര പേരുണ്ട്; ആരൊക്കെ;

(ഡി) കൊലചെയ്യപ്പെട്ട മനോജിന്റെ വീട്ടിൽ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പ് മന്ത്രിയും സന്ദർശനം നടത്തുകയുണ്ടായോ;

(ഇ) മനോജിനെ കൊന്നവരും കൊല്ലിച്ചവരുമായ എല്ലാ പ്രതികളെയും അറസ്റ്റു ചെയ്യുകയുണ്ടായോ; ഗൂഢാലോചനയ്ക്ക് കേസ് എടുക്കുകയുണ്ടായോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>റിമാൻഡ് പ്രതി മരണപ്പെട്ട സംഭവം</u>

243

ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിമാൻഡ് പ്രതിയായിരുന്ന കൊല്ലം, ശാസ്താംകോട്ട, ഐവർകാല, മാനവിള വീട്ടിലെ അജികുമാർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടക്കുന്നുണ്ടോ;

(ബി) അന്വേഷണം പൂർത്തിയായോ;

(സി) അന്വേഷണത്തിൽ ലഭിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഈ സംഭവത്തിൽ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>തിരുവൻവണ്ടൂർ വടക്കേത് പടിഞ്ഞാറതിൽ മോനുവിന്റെ ദുരൂഹമരണം</u>

244 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ തിരുവൻവണ്ടൂർ വടക്കേ പടിഞ്ഞാറതിൽ വി. പി. തോമസ്സ് മകൻ മോനു മരണപ്പെട്ടത് എങ്ങനെ എന്ന് അറിയാമോ;

(ബി) മരണപ്പെട്ട സമയത്ത് അദ്ദേഹം ജോലി ചെയ്തിരുന്നത് ഏത് സ്ഥാപനത്തിൽ ആയിരുന്നു; പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം എന്തായിരുന്നു; മരണ സമയത്ത് അദ്ദേഹത്തോടൊപ്പം ആരൊക്കെ ഉണ്ടായിരുന്നു; മരണത്തിൽ ദുരൂഹത ഉളളതായി മാതാപിതാക്കൾ പരാതിപ്പെട്ടിട്ടുണ്ടോ എന്നും ആയതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഈ കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കേസ്</u>

245 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊന്ന കേസിൽ കേന്ദ്ര–സംസ്ഥാന സർക്കാരുകളെ സുപ്രീംകോടതി വിമർശിച്ചിരുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ബി) സുപ്രീംകോടതി 2012 ജൂലൈ 19–ന് അയച്ച നോട്ടീസിന് മറുപടി നല്കാൻ കാലതാമസം നേരിട്ടത് എന്തുകൊണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കോടതി വിമർശനത്തിനു മറുപടി നല്കിയത് എന്നായിരുന്നു?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>എസ്. ഡി. പി. ഐ. - മുസ്ലീംലീഗ് സംഘർഷം</u>

246 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാട്ടൂൽ, മുട്ടം, പുതിയങ്ങാടി ഭാഗങ്ങളിൽ ഉണ്ടായ എസ്. ഡി. പി. ഐ- മുസ്ലീംലീഗ് സംഘർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എത്ര പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തു; ഇനി എത്ര പ്രതികളെ അറസ്റ്റുചെയ്യുവാനുണ്ട്;

(സി) പ്രതികളെ പിടികൂടുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>മുസ്ലീം ലീഗ് പ്രവർത്തകർ പ്രതികളായിട്ടുള്ള കേസുകൾ</u>

247 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം ഇതേവരെ സംസ്ഥാനത്ത് നടന്ന ആക്രമണ സംഭവങ്ങളിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രവർത്തകർ പ്രതികളായിട്ടുള്ള കേസുകൾ എത്രയാണ്;

(ബി) പ്രസ്തുത കേസുകളിൽ പ്രതികൾ ആയിട്ടുള്ളവരുടെ ജില്ലതിരിച്ച കണക്കുകൾ വെളിപ്പെടുത്തുമോ; ഇതിൽ പോലീസ് അറസ്റ്റ് ചെയ്തവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവർ എത്രയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും,എൻ. ഡി. എ ഫിന്റെയും പ്രവർത്തകരുടെ കേസ്സുകളുടെ വിശദാംശം

248 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും, എൻ. ഡി. എ ഫിന്റെയും പ്രവർത്തകരും അനുഭാവികളും പ്രതിയായിട്ടുള്ള എത്ര കേസ്സുകൾ സംസ്ഥാനത്ത് നിലവിലുണ്ട്;

(ബി) എല്ലാ കേസുകളിലും പ്രതിയായവർ എത്ര;

(സി) ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്ര;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന സംഘട്ടനങ്ങളിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും എൻ. ഡി. എ ഫിന്റെയും പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള എത്ര പേർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ആക്രമണങ്ങളിൽ പോപ്പുലർ ഫ്രണ്ട് – എൻ. ഡി. എഫ് ബന്ധം</u>

249 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നടന്ന ആക്രമണങ്ങളിൽ പോപ്പുലർ ഫ്രണ്ട് – എൻ. ഡി. എഫ് പ്രവർത്തകർ പ്രതിയായിട്ടുള്ള കേസുകൾ എത്രയാണ്;

(ബി) ഈ കേസുകളിൽ ആകെ എത്ര പ്രതികൾ ഉണ്ടായിരുന്നു; ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ലാത്തവർ എത്ര?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പോപ്പുലർ ഫ്രണ്ടുമായി ബന്ധപ്പെട്ട കേസുകൾ</u>

250 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഫ്രീഡം പരേഡിന് അനുമതി ലഭിക്കുന്നതിനായി ഹൈക്കോടതിയിൽ, പോപ്പുലർ ഫ്രണ്ട് ജില്ലാ സെക്രട്ടറിമാർ നല്കിയ ഹർജിയിൽ ഉണ്ടായ കോടതി വിധി എന്തായിരുന്നു ;

(ബി) ഈ കേസിൽ സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പോപ്പുലർ ഫ്രണ്ടിന്റെ പങ്കാളിത്തത്തിൽ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പോപ്പുലർ ഫ്രണ്ടിന്റെ നിരോധനം</u>

251 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ''പോപ്പുലർ ഫ്രണ്ട്'' എന്ന സംഘടനയെ നിരോധിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നിലപാട് വിശദമാക്കാമോ;

(ബി) കേന്ദ്ര ആഭ്യന്തര വകുപ്പിന് ഇക്കാര്യത്തിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>നായകൾക്ക് മുറിവേറ്റ സംഭവം</u>

252 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിൽ അസാധാരണമായ രീതിയിൽ നായകൾക്ക് മുറിവേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഭവം അന്വേഷിക്കുന്നതിന് സംസ്ഥാന ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ ഇത്തരം സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ലോക്കപ്പ് മർദ്ദനം</u>

253 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ സി.പി.എം. പ്രവർത്തകരെ 26–10–2012 രാത്രി കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മർദ്ദനത്തിൽ ആർക്കെങ്കിലും പരിക്കേറ്റിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികൾ</u>

254 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മർദ്ദനം സംബന്ധിച്ച എത്ര പരാതികളാണ് ലഭിച്ചിട്ടുളളത് എന്നു വ്യക്തമാക്കുമോ;

(ബി) ലോക്കപ്പ് മർദ്ദനത്തെത്തുടർന്ന് ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർ;

(സി) ലോക്കപ്പ് മർദ്ദനം സംബന്ധിച്ച പരാതികളിൽ എത്ര പോലീസുകാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(ഡി) ഇതിൽ എത്ര പോലീസുകാർ പ്രതികളായിട്ടുണ്ട്?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ലോക്കപ്പ് മർദ്ദനം സംബന്ധിച്ച ആക്ഷേപം</u>

255 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പോലീസുകാരുടെ ലോക്കപ്പ് മർദ്ദനം സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ എത്രയാണെന്നു വെളിപ്പെടുത്താമോ; എത്ര കേസുകൾ ഇത് സംബന്ധമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) കോടതികളിൽ നിന്നും ഉളള നിർദ്ദേശങ്ങളെ തുടർന്ന് മർദ്ദിക്കപ്പെട്ട എത്ര പേരെ ആശുപത്രികളിൽ പ്രവേശിപ്പിക്കേണ്ടതായി വന്നു;

(സി) നിയമവിരുദ്ധമായി കസ്റ്റഡിയിലെടുത്തവരെ മർദ്ദിച്ച് അവശരാക്കിയതിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

256 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബലാത്സംഗക്കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(സി) മുൻ സർക്കാരിന്റെ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ ബലാത്സംഗക്കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2012 ജനുവരി മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ എത്ര സ്ത്രീകളാണ് സംസ്ഥാനത്ത് കൊലചെയ്യപ്പെട്ടിട്ടുള്ളത് ;

(ഇ) പ്രായപൂർത്തിയാകാത്ത എത്ര പെൺകുട്ടികളാണ് ഇക്കാലയളവിൽ ലൈംഗിക പീഢനത്തിന് ഇരയായിട്ടുള്ളത് ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വനിതാ യാത്രക്കാരുടെ സുരക്ഷ</u>

257 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾ ഉൾപ്പെടെയുള്ള ട്രെയിൻ യാത്രാക്കാരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) യാത്രക്കാരുടെ എണ്ണത്തിനനുസൃതമായി സുരക്ഷാ ഉദ്യോഗസ്ഥർ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്ക് സംസ്ഥാന പോലീസ് സേനയിൽ നിന്നും എത്ര വനിതാ പോലീസുകാരെ റയിൽവേയിൽ നിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അക്രമ സംഭവങ്ങൾ</u>

258 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇത്തരം സംഭവങ്ങൾ കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ</u>

259 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കും, കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്ക് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീകളെയും, കുട്ടികളെയും തട്ടിക്കൊണ്ടു പോയിട്ടുളള എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) എത്ര പീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര സ്ത്രീധന പീഡനകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പ്രതിയെ മോചിപ്പിച്ചതായ പരാതിയിന്മേൽ അന്വേഷണം</u>

260 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളർപട്ടണം പോലീസ് സ്റ്റേഷനിൽ, ശ്രീ. കെ. സുധാകരൻ എം.പി പ്രതിയെ മോചിപ്പിച്ചപരാതിയിന്മേൽ ഐ.ജി യുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**എം.പിയുടെ കാർ ഡ്രൈവർ, ഗൺമാൻ എന്നിവർക്കെതിരെയുള്ള കേസ്സുകൾ**

261 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.സുധാകരൻ എം.പിയുടെ കാർ ഡ്രൈവർ വിനോദ്കുമാർ വ്യാജ വാഹന (ആർ.സി) കേസിൽ അറസ്റ്റിലായിട്ടുണ്ടോ;

(ബി) എങ്കിൽ അറസ്റ്റ് ചെയ്യപ്പെട്ട വിനോദ്കുമാറിന്റെ പേരിൽ പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(സി) ഗുണ്ടാ ആക്ട് പ്രകാരം കേസ് എടുത്തിട്ടുണ്ടോ;

(ഡി) കെ. സുധാകരൻ എം.പിയുടെ ഗൺമാൻ ബസ് യാത്രക്കാരനെ അടിച്ചുകൊന്ന കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ കേസിലെ എത്രാമത് പ്രതിയാണ് ഗൺമാൻ എന്ന് വിശദമാക്കുമോ;

(ഇ) ശ്രീ. കെ. സുധാകരന്റെ ഡ്രൈവറായിരുന്ന പ്രശാന്ത് ബാബു എന്നയാളുടെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലുള്ള കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

രാഷ്ട്രീയ കൊലപാതക കേസുകളുടെ അന്വേഷണം

262 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങൾ എത്ര;

(ബി) കൊലചെയ്യപ്പെട്ടവരിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവർ ഉണ്ടായിരുന്നുവോ;

(സി) എങ്കിൽ ഏതെല്ലാം രാഷ്ട്രീയപാർട്ടികളിൽപ്പെട്ട എത്ര പേർ ഉണ്ടെന്നും അവർ ആരൊക്കെയായിരുന്നുവെന്നും ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) കൊലപാതക കേസുകളിൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷിച്ച കേസുകൾ എതൊക്കെയായിരുന്നു;

(ഇ) അന്വേഷണത്തെതുടർന്ന് ഇതിനകം റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചവ എത്ര; കുറ്റപത്രം ഇനിയും സമർപ്പിച്ചിട്ടില്ലാത്തവ എത്ര;

(എഫ്) അന്വേഷണം സി. ബി. ഐ യെ ഏല്പിച്ച കേസുകൾ ഏതൊക്കെ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച
പോലീസ് അന്വേഷണങ്ങൾ

263 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽവന്നശേഷം സംസ്ഥാനത്ത് എത്ര സി.പി.ഐ.(എം) പ്രവർത്തകർ കൊലചെയ്യപ്പെടുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ബി) കൊലചെയ്യപ്പെട്ടവർ ആരൊക്കെയാണെന്നും കൊലപാതകം നടത്തിയവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കൊലപാതകങ്ങൾ സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; കുറ്റപത്രം സമർപ്പിക്കപ്പെട്ട കേസ്സുകൾ ഏതൊക്കെയാണ്; ഇനിയും കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടില്ലാത്തവ ഏതൊക്കെ;

(ഡി) കൊലചെയ്യപ്പെട്ടവരുടെ വീട് ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശിച്ച്, അന്വേഷണം സംബന്ധിച്ച് തുടർ നടപടികൾ ചർച്ച ചെയ്യുകയുണ്ടായോ;

(ഇ) സി.പി.ഐ.(എം)-ൽനിന്നും പുറത്താക്കപ്പെട്ട ടി.പി. ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടശേഷം ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും എത്ര തവണ, വീട്ടിലെത്തി ബന്ധുക്കളുമായി അന്വേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കുറ്റവാളികൾക്കെതിരെ നടപടി</u>

264 ശ്രീ. എം. ഉമ്മർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നകാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വിശദമാക്കുമോ;

(ബി) നിയമാനുസൃത നടപടി സ്വീകരിക്കുന്നകാര്യത്തിൽ പോലീസിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നിരപരാധികളെ പ്രതികളാക്കി പീഡിപ്പിക്കുന്ന സംഭവങ്ങളിൽ സർക്കാരിന്റെ നിലപാട് എന്തായിരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) സത്യസന്ധരും അഴിമതിരഹിതരും നീതിപൂർവ്വം പ്രവർത്തിക്കുന്നവരുമായ പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ പരസ്യമായി അനുമോദിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

**□വിംസി□ലെ ജീവനക്കാർക്കെതിരെ നടന്ന അതിക്രമത്തിൽ സ്വീകരിച്ച നടപടി**

265 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ സ്വകാര്യ ആശുപത്രിയായ വിംസിലെ ജീവനക്കാർക്ക് നേരെ നടന്ന അതിക്രമത്തിൽ പോലീസ് എന്തൊക്കെ നടപടി സ്വീകരിച്ചു;

(ബി) പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാനിടയായതിൽ പോലീസിന്റെ അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ക്രൈംബ്രാഞ്ച് എസ്.ഐ ശ്രീ. പ്രേംകുമാറിനെ മർദ്ദിച്ച കേസ്</u>

266 ശ്രീ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിൽവച്ച്, ക്രൈം ബ്രാഞ്ച് എസ്.ഐ പ്രേംകുമാറിനെ മർദ്ദിച്ച കേസിലെ പ്രതികൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഇവർ കോടതിയിൽ നിന്ന് ജാമ്യം നേടിയിട്ടുണ്ടോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വെള്ളൂക്കര മദ്രസ ആക്രമണം</u>

267 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളൂക്കര മദ്രസ ആക്രമണം സംബന്ധിച്ച് വടകര പോലീസ് സ്റ്റേഷനിലെ സി.സി. 776–ാം നമ്പർ കേസിലെ പ്രതി സ്ഥാനത്ത് ആരോപിക്കപ്പെട്ടവർ കേസിൽ ശാസ്ത്രീയ അന്വേഷണം ആവശ്യപ്പെട്ട് പോലീസിൽ നൽകിയ അപേക്ഷ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

ഗുണ്ടാ ആക്രമണം അമർച്ച ചെയ്യാൻ നടപടി

268 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാമാഫിയയെ അമർച്ച ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ ;

(ബി) ഗുണ്ടാ നിയമത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവരെ ഒറ്റപ്പെടുത്താനും അവർക്ക് സംരക്ഷണം നല്കാതിരിക്കാനും എല്ലാ രാഷ്ട്രീയ കക്ഷികളുടെയും സഹകരണം ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ബംഗാളിത്തൊഴിലാളികൾക്കെതിരെയുള്ള ആക്രമണം</u>

269 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കുറ്റിത്തെരുവിൽ നാൽപതോളം വരുന്ന ബംഗാളി തൊഴിലാളികളെ സംഘം ചേർന്ന് ആക്രമിച്ച സംഭവത്തിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത കേസിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികൾ എന്ന വ്യാജേന സംസ്ഥാനത്തു താമസിക്കുന്നവർക്കുള്ള തിരിച്ചറിയൽ പരിശോധന**

270 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനുസമീപം നെടുവന്നൂരിലെ ഇഷ്ടിക കളത്തിൽ ബംഗാളികൾ എന്ന വ്യാജേന താമസിച്ചിരുന്ന 18 ബംഗ്ലാദേശ്കാരെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ മറവിൽ അന്യരാജ്യത്തു നിന്നുള്ളവരും മറ്റ് വിധ്വംസക പ്രവർത്തകരും സംസ്ഥാനത്തിനകത്ത് വിവിധയിടങ്ങളിൽ താമസിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് പറയാമോ ;

(സി) ഈ വിഭാഗത്തിൽപ്പെടുത്താവുന്ന മറ്റ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) വിജിലൻസിന്റെയും പോലീസിന്റെയും കാര്യക്ഷമത ചോദ്യം ചെയ്യപ്പെടുന്ന ഇത്തരം സംഭവങ്ങൾക്ക് കാരണക്കാരാകുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നു പറയാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ഇടുക്കി ജില്ലയിലെ രാഷ്ട്രീയ കൊലപാതകം</u>

271 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ആയതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസ്സുകൾ പുനരന്വേഷിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്;

(സി) ഈ കേസ്സുകളിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ കേസ്സുകൾ

272 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര കേസുകൾ പിൻവലിച്ചു; വിശദവിവരം ലഭ്യമാക്കുമോ;

(ബി) 2011 ജൂലായ് 1 മുതൽ 2012 ഒക്ടോബർ 31 വരെ പാലക്കാട് ജില്ലയിലെ എത്ര കേസ്സുകളാണ് പിൻവലിച്ചത്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ സംബന്ധിച്ച നടപടി

273 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ, കേസ്സുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കെട്ടിക്കിടക്കുന്നത് മൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥല പരിമിതി മൂലം പല സ്റ്റേഷനുകളിലും ഇവ സൂക്ഷിക്കാനാകാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) കേസ്സുകൾ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതിന് ഇത്തരം വാഹനങ്ങൾ ലേലം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വാഹന പരിശോധന</u>

274 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധന സമയത്ത് പാലിക്കപ്പെടേണ്ട നടപടികൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് ഡി. ജി. പി. എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവുകൾക്ക് വിരുദ്ധമായി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോൺസ്റ്റബിൾമാർക്കും ഹോംഗാർഡുമാർക്കും പരിശോധനയ്ക്കായി വാഹനം കൈകാണിച്ചു നിർത്തിക്കാൻ അധികാരം നൽകിയിട്ടുണ്ടോ; ഇത്തരം പരാതി അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്സ്</u>
<u>ഉപയോഗിക്കുന്നവർക്കെതിരെ നടപടി</u>

275 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്സ്, കർട്ടൻ എന്നിവ ഉപയോഗിച്ച് വശങ്ങൾ മറയ്ക്കുന്നതിനെതിരെ പോലീസ് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു;

(ബി) സുപ്രീംകോടതി ഉത്തരവ് വന്നശേഷം ഇക്കാര്യത്തിൽ പിഴയിനത്തിൽ എന്ത് തുക ലഭിച്ചിട്ടുണ്ട്;

(സി) പിഴയിട്ടശേഷവും, നിയമലംഘനം നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാറുളളത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമം ലംഘിക്കുന്ന സർക്കാർ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ പിഴ ഇനത്തിൽ എന്ത് തുക ഈടാക്കി എന്നും, എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ട്രാഫിക് പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ

276

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് പോലീസ്, പിടിച്ചെടുക്കുന്ന വാഹനത്തിലുള്ള ബാറ്ററി, വിലയേറിയ ഉപകരണങ്ങൾ, രേഖകൾ തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ സ്റ്റേഷനിൽ രേഖപ്പെടുത്തി സൂക്ഷിക്കാറുണ്ടോ;

(ബി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ തിരിച്ചു ലഭിക്കുന്നതിനായുളള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച ശേഷവും വാഹനം വിട്ടുകൊടുക്കാതിരിക്കുന്നത് കുറ്റകരമാണോ; എങ്കിൽ ഇതിനെതിരെ എവിടെയാണ് പരാതിപ്പെടേണ്ടത്;

(ഡി) വാഹനത്തിൽ ഉണ്ടായിരുന്ന രേഖകളും വസ്തുക്കളും നഷ്ടപ്പെട്ടാൽ പരാതിപ്പെടാൻ സാധിക്കുമോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ**

277 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ കൂട്ടിയിടുന്നതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര വാഹനങ്ങൾ വിവിധ സ്റ്റേഷനുകളിലായി കൂട്ടിയിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) 2001-ൽ പരിഷ്കരിച്ച പോലീസ് നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി എത്ര വാഹനങ്ങൾ ഡിസ്പോസ് ചെയ്തിട്ടുണ്ട് ;

(ഡി) പോലീസ് സ്റ്റേഷൻ പരിസരം വാഹനങ്ങളുടെ ശവപ്പറമ്പായി മാറുന്നത് സ്റ്റേഷന്റെ കാര്യക്ഷമതയെ മോശമായി ബാധിക്കുമെന്നതിനാൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത വാഹനങ്ങൾ സമയബന്ധിതമായി സ്റ്റേഷനുകളിൽ നിന്നും നീക്കം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

## ഹെൽമറ്റ് പരിശോധന

278 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ സ്ഥലങ്ങളിൽ വാഹനങ്ങൾ തടഞ്ഞ് നിർത്തി ഹെൽമറ്റ് പരിശോധന നടത്തുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങളും ഗതാഗതകുരുക്കുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഹെൽമറ്റ് വേട്ടയും മദ്യപിച്ചുള്ള വാഹനമോടിക്കലും</u>

279 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് വയ്ക്കാതെ ഇരുചക്ര വാഹനം ഓടിക്കുന്നവർക്കെതിരെ ഏതെല്ലാം വകുപ്പ് പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വർഷം ഇതുവരെ ഹെൽമറ്റ് വേട്ട നടത്തി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ട്;

(സി) മദ്യപിച്ച് വാഹനമോടിച്ച എത്രപേർക്കെതിരെ ഈ വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ട്;

(ഡി) അപകടങ്ങൾക്ക് മുഖ്യ കാരണമായ മദ്യപിച്ചുള്ള വാഹനമോടിക്കലിനെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിൽ ഹെൽമറ്റ് വേട്ടയുടെ കാര്യത്തിലേതിനുതുല്യമായ പ്രാധാന്യം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

ഐ. സ്. ആർ. ഒ. ചാരക്കേസിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി

280 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എസ്. ആർ. ഒ. ചാരക്കേസിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെ

(ബി) സി. ബി. ഐ. നിർദ്ദേശം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചത് എപ്പോഴായിരുന്നു ;

(സി) കേസ് സംബന്ധമായി കെ. മുരളീധരൻ എം. എൽ. എ. മുഖ്യമന്ത്രിക്ക് കത്ത് നല്കിയോ; എങ്കിൽ എപ്പോൾ നൽകി; എന്ത് നടപടി സ്വീകരിച്ചു ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഐ. എസ്. ആർ.ഒ ശാസ്ത്രജ്ഞന് നഷ്ടപരിഹാരം</u>

281 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എസ്. ആർ.ഒ ശാസ്ത്രജ്ഞനായിരുന്ന നമ്പി നാരായണന് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ ഹൈക്കോടതി വിധിച്ചിട്ടുണ്ടോ;

(ബി) വിധി പ്രകാരമുള്ള തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) നഷ്ടപരിഹാരം കൊടുക്കേണ്ടിവന്ന സാഹചര്യം വിശദമാക്കാമോ; പ്രസ്തുത കേസിന്റെ ആദ്യഘട്ടത്തിൽ ഇടപെട്ട പോലീസുകാർ ആരൊക്കെയായിരുന്നു; അവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് സി. ബി. ഐ. ശുപാർശ ചെയ്തിരിക്കുന്നത്; ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ചന്ദനം കള്ളക്കടത്ത്</u>

282 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരശേഷം ചന്ദനം മുറിച്ചതും, കടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ് എടുത്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയിലെ പ്രതികൾ ചെയ്തു; എത്ര പേർ ജാമ്യത്തിൽ ഉണ്ട്; വിശദമാക്കുമോ;

(ബി) എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്; വിശദമാക്കുമോ;

(സി) ചന്ദനകേസുമായി ബന്ധപ്പെട്ട് ഇപ്പോൾ ജയിലിൽ കഴിയുന്ന എത്രപേർ പരോളിൽ ഇറങ്ങി വീണ്ടും കേസുകളിൽ പ്രതിയായിട്ടുണ്ട്; ആരൊക്കെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>നിയമസഭാ സമ്മേളനങ്ങളുമായി ബന്ധപ്പെട്ട ജോലിക്ക് പോലീസ് സേന നിയമനം</u>

283 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സമ്മേളനം നടക്കുമ്പോൾ നിയമസഭാ സമുച്ചയത്തിന് പുറത്തെ ജോലിക്ക് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പോലീസ് സേനയിലെ ഏതെല്ലാം ബറ്റാലിയനുകളിൽ നിന്നും സേനാംഗങ്ങളെ നിയോഗിച്ചിട്ടുണ്ട്; സമ്മേളനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിയോഗിക്കപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്ക് പ്രത്യേക അലവൻസ് അനുവദിച്ചിട്ടുണ്ടോ എന്നും; ഉണ്ടെങ്കിൽ എന്നു മുതലെന്നും; എത്ര തുക വീതമാണ് അനുവദിക്കുന്നതെന്നും വ്യക്താമാക്കാമോ;

(സി) ആയതിന് മുൻകാലപ്രാബല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ മുൻകാല പ്രാബല്യം നൽകാനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജോലിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ ബറ്റാലിയനുകൾക്കും തുല്യപരിഗണന നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് എന്തെങ്കിലും മാനദണ്ഡങ്ങൾ പിൻതുടരുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>നിയമസഭാ സബ്മിഷന് തെറ്റായ ഉത്തരം നൽകപ്പെട്ട സംഭവം</u>

284 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ഷിപ്പ് യാർഡിലെ ഹൗസ് കൺസ്ട്രക്ഷൻ സഹകരണ സംഘം നടത്തിയ അഴിമതികളെക്കുറിച്ച്, എറണാകുളം ടൗൺ സൗത്ത് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 1546/2010 എന്ന കേസിൽ നിലവിൽ ആരെല്ലാമാണ് പ്രതികൾ;

(ബി) ഇത് സംബന്ധിച്ച് 24-07-2012-ൽ നിയമസഭ മുൻപാകെ വന്ന സബ്മിഷന് നൽകപ്പെട്ട മറുപടിയിൽ ഗുരുതരമായ തെറ്റുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്മിഷന്റെ മറുപടിയിൽ തെറ്റുകൾ സംഭവിച്ചു എന്നത് ചൂണ്ടിക്കാട്ടി ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ടി പരാതികളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഉത്തരവാദികളായ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കൊടുവള്ളി സര്‍വ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്</u>

285 ശ്രീ. പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊടുവള്ളി സര്‍വ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് തടസ്സപ്പെട്ടതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കൊടുവള്ളി പോലീസ് കേസ് എടുത്തിട്ടുണ്ടോ ;

(സി) പ്രതികള്‍ ആരെല്ലാമാണ് ;

(ഡി) എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(ഇ) ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യുന്നതിന് തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് നിയമനം</u>

286 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് നിയമനത്തിലെ അഴിമതി സംബന്ധിച്ച പോലീസ് കേസ് ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഈ കേസിലെ പ്രതികൾ ആരൊക്കെയാണ്; ടി. പി. ചന്ദ്രശേഖരൻ, ഷുക്കൂർ വധകേസ്സുകളുടെ സ്പെഷ്യൽ പ്രോസിക്യൂട്ടറായ ശ്രീ. സി. കെ. ശ്രീധരൻ പ്രസ്തുത കേസിലെ പ്രതിയാണോ;

(സി) ശ്രീ. ശ്രീധരന്റെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ ഏതൊക്കെയാണ്;

(ഡി) കേസിലെ മറ്റ് പ്രതികൾ ആരൊക്കെയാണ്?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഫോൺകോളുകൾ ചോർത്തൽ</u>

287 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോൺകോളുകൾ പോലീസ് ചോർത്തുന്നു എന്ന് പരാതിപ്പെട്ടുകൊണ്ട് ആഭ്യന്തര വകുപ്പിന് ലഭിച്ച പരാതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ നേതാക്കളിൽ നിന്നും പരാതി ലഭിക്കുകയുണ്ടായോ ; എങ്കിൽ പരാതിയിൽപ്പറയുന്ന സംഗതികൾ വിശദമാക്കാമോ ;

(സി) പരാതികളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; ഏത് ഏജൻസിയെക്കൊണ്ടാണ് അന്വേഷിപ്പിച്ചത് ; പരാതിക്കാരുടെ ഏതെല്ലാം ഫോണുകൾ ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം പോലീസ് ഓഫീസർമാർ ചോർത്തുകയുണ്ടായി ;

(ഡി) ഫോൺ ചോർത്തലിൽ സർക്കാർ അനുമതി നല്കിയിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ ആരുടെയെല്ലാം അപേക്ഷയിന്മേൽ ;

(ഇ) സർക്കാർ അനുമതി ഇല്ലാതെ ഫോൺ ചോർത്തയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആരുടെയെല്ലാം ഫോണുകൾ ആരെല്ലാം ചോർത്തുകയുണ്ടായി; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഫോൺകോളുകൾ ചോർത്തുന്നതിനുള്ള മാനദണ്ഡം</u>

288 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എം. എൽ. എ. മാർ വിളിച്ചതോ, എം. എൽ. എ.യെ വിളിച്ചതോ ആയ ഫോൺകോളുകൾ പോലീസ് ചോർത്തുകയുണ്ടായോ; എങ്കിൽ ഏതെല്ലാം എം. എൽ. എ. മാരുടെ കാര്യത്തിൽ ഫോൺ ചോർത്തപ്പെടുകയുണ്ടായി; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എത്ര ഫോൺ കോളുകൾ ചോർത്തുന്നതിന് അനുമതി നല്കിയിട്ടുണ്ട്; ഏതെല്ലാം സ്വഭാവത്തിലുള്ള കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായിട്ടാണ് സർക്കാർ അനുമതി നല്കിയിട്ടുള്ളത്;

(സി) രാഷ്ട്രീയ പാർട്ടിക്കാരുടെ സംസ്ഥാന /ജില്ലാതലത്തിലുള്ള നേതാക്കന്മാർ എം. പി. മാർ എം. എൽ. എ. മാർ പത്രപ്രവർത്തകർ തുടങ്ങിയവവരുടെ ഫോൺകോളുകൾ ചോർത്തുന്നതിന് സർക്കാർ നല്കിയ അനുമതികൾ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വ്യക്തികളുടെ ഫോണുകളും ഇ–മെയിലുകളും ചോർത്തുന്നതിനുള്ള വ്യവസ്ഥകൾ</u>

289 ശ്രീ. എം.ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ ഫോണുകളും ഇമെയിലുകളും ചോർത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ വ്യവസ്ഥകൾ പ്രകാരം ഫോണുകളും ഇ മെയിലുകളും ചോർത്തുന്നതിനുള്ള അനുമതിക്കായി ഈ സർക്കാരിന്റെ കാലത്ത് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര അപേക്ഷകൾ ഈ കാലയളവിൽ നിരസിക്കുകയുണ്ടായി ; അനുമതി നൽകിയ കേസുകൾ എത്ര;

(ഡി) എം.എൽ.എ മാരുടെയും മന്ത്രിമാരുടെയും ഫോൺ കോളുകൾ ചോർത്താൻ പോലീസിന് അനുവാദം നൽകേണ്ടിവന്നിട്ടുണ്ടോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഫോൺകോളുകൾ ചോർത്തൽ</u>

290 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. പി. ഐ. (എം) കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസിലെ നാല് ഫോണും, ജില്ലാ സെക്രട്ടറി പി. ജയരാജൻ, എക്സ് - എം. എൽ. എ. യുടെ മൊബൈൽ ഫോണുകളും ചോർത്തിയതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വന്ന കേസിൽ സർക്കാർ നല്കിയ സത്യവാങ്മൂലം എന്തായിരുന്നു; പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫോണുകൾ ചോർത്തുന്നതിന് പോലീസിന് എപ്പോഴെങ്കിലും അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ അനുമതി നല്കിയ ഉത്തരവ് ലഭ്യമാക്കുമോ; ഏത് പോലീസ് ഉദ്യോഗസ്ഥനാണ് ഫോൺ കോൾ ചോർത്തുകയുണ്ടായതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ഫോൺ/ഇ–മെയിൽ ചോർത്തൽ</u>

291 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന് ഏതെല്ലാം സന്ദർഭങ്ങളിൽ ആരുടെയെല്ലാം ഫോൺ കോളുകളും ഇ–മെയിലും ചോർത്തുന്നതിന് അധികാരം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഫോൺകോളുകളോ, ഇ–മെയിലുകളോ ചോർത്തുന്നതിനുള്ള അധികാരം ഏതെല്ലാം നിയമവ്യവസ്ഥകൾ പ്രകാരമാണ് ലഭ്യമായിട്ടുള്ളതെന്നും അത് വിനിയോഗിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും നിയമസഭാ സാമാജികന്റെയോ, പാർലമെന്റ് അംഗത്തിന്റേയോ, ഏതെങ്കിലും അംഗീകൃത രാഷ്ട്രീയ പാർട്ടി നേതാവിന്റേയോ ഫോൺകോളുകൾ ചോർത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ആരുടെയെല്ലാം;

(ഡി) ഫോൺ ചോർത്തൽ വഴി ലഭിച്ച എന്തെങ്കിലും തെളിവുകൾ പോലീസ് ഏതെങ്കിലും അന്വേഷണത്തിന്റെ ഭാഗമായി എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് കേസിൽ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

ടെലിഫോൺ സംഭാഷണങ്ങളും ഇ-മെയിലുകളും
ചോർത്തുന്ന നടപടി

292 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങളുടേയോ, രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടേയോ ടെലഫോൺ സംഭാഷണങ്ങളോ ഇ-മെയിലുകളോ ചോർത്തുന്നതിന് ആർക്കെങ്കിലും ആഭ്യന്തരവകുപ്പിൽനിന്നും അനുമതി നൽകുകയുണ്ടായോ; എങ്കിൽ ആരുടെയെല്ലാം കാര്യത്തിൽ ആർക്കെല്ലാം അനുമതി നല്കുകയുണ്ടായിട്ടുണ്ട്;

(ബി) 1885ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എം.എൽ.എ. മാരിൽ ആരുടെയെങ്കിലും ഫോൺ ചോർത്താൻ ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പടുത്താമോ;

(സി) എന്തെങ്കിലും കേസ് അന്വേഷണത്തിന്റെ ഭാഗമായി ആഭ്യന്തര വകുപ്പിന്റെ അനുമതി ഇല്ലാതെ ആരുടെയെങ്കിലും ഫോൺ പോലീസ് അന്വേഷണ സംഘം ചോർത്തുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം അന്വേഷണത്തിന്റെ ഭാഗമായി ഏതെല്ലാം എം.എൽ.എ.മാരുടെയും നേതാക്കന്മാരുടെയും ഫോൺ സംഭാഷണം ചോർത്തുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളുടെ നിരോധനം

293 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ 100 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനെതിരെ പോലീസ് ആക്ട് പ്രകാരം കേസെടുക്കാമെന്ന ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പരിശോധനകൾ നടത്തി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിടം</u>

294 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കെട്ടിട നിർമ്മാണത്തിനായി പണം അനുവദിച്ചിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടി കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

## <u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി</u>

295 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ നേതൃത്വ കർമ്മശേഷിയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് എസ്. പി. സി. വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളേയും ഈ പദ്ധതിക്കുവേണ്ടി പ്രയോജനപ്പെടുത്തുമോ;

(ഡി) എന്തെല്ലാം പ്രോത്സാഹനങ്ങളാണ് വിദ്യാഭ്യാസരംഗത്തും പോലീസ് സേന തെരഞ്ഞെടുപ്പിലും ഇവർക്ക് ലഭിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പ്രത്യേക സുരക്ഷാ സേന</u>

296 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
'' വി. ടി. ബൽറാം
'' ഹൈബി ഈഡൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ''പ്രത്യേക സുരക്ഷാസേന'' രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ്; വിശദാമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സേനയുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ</u>

297 ശ്രീ. വി.ഡി. സതീശൻ
,, എം.എ. വാഹീദ്
,, ജോസഫ് വാഴക്കൻ
,, സി.പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുക ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ;

(സി) വനിതകളുടെ സുരക്ഷയ്ക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ നിന്നും ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര വനിതാ ഹെൽപ്പ് ഡെസ്ക്കുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ഓപ്പറേഷൻ റിവർ പ്രൊട്ടക്ഷൻ</u>

298 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഓപ്പറേഷൻ റിവർ പ്രൊട്ടക്ഷൻ എന്ന പേരിൽ അനധികൃത കടവുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എത്ര കടവുകൾ കണ്ടെത്തി ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ നടപടിയിൽ സംസ്ഥാന ഖജനാവിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി</u>

299 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കുറ്റ്യാടി ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

ചേലക്കരയിൽ പുതിയ പോലീസ് സ്റ്റേഷൻ

300 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിൽ തലശ്ശേരി കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പൊതുജനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭരണസ്ഥാപനങ്ങളും വർഷങ്ങളായി ഉന്നയിക്കുന്ന പ്രസ്തുത ആവശ്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

മങ്കട മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ
അധികാരം പരിധി പുനഃക്രമീകരണം

301 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധികൾ പുനഃക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>എളമക്കര പോലീസ് സ്റ്റേഷൻ</u>

302 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എളമക്കരയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തടസ്സങ്ങൾ ഉളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തരവകുപ്പിലുളള ഫയൽ (നമ്പർ : 69854 തീയതി 19.7.2012) ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിന്മേൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനെ സംബന്ധിച്ചുളള ഫയലിൽ നാളിതുവരെ വിവിധ ഘട്ടങ്ങളിലായി സ്വീകരിച്ചിട്ടുളള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പുതിയ പോലീസ് സ്റ്റേഷൻ എപ്പോൾ യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

303 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ എവിടെയെല്ലാമാണ് ആരംഭിയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) നഗരൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിയ്ക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ;

(സി) നഗരൂരിൽ പോലീസ് സ്റ്റേഷൻ ഉടൻ ആരംഭിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിൽ ഫയർസ്റ്റേഷൻ</u>

304 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഫയർസ്റ്റേഷന് വേണ്ടി 50 സെന്റ് സ്ഥലം കൊല്ലങ്കോട് ട്രഷറി വളപ്പിൽ അനുവദിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ചാൽ അടിയന്തിരമായി ഫയർസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കല്ലടിക്കോട്ട് പുതിയ പോലീസ് സ്റ്റേഷൻ</u>

305 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കല്ലടിക്കോട്ട് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ആയത് സംബന്ധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ</u>
<u>ആരംഭിക്കുന്നതിനുള്ള നടപടി</u>

306 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2012 കാലയളവിൽ അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ ഐ.പി.സി 279,337,338,304 (എ) തുടങ്ങിയ വിവിധ വകുപ്പുകൾ പ്രകാരം എത്ര വാഹന അപകടങ്ങളും മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മൂന്ന് സർക്കിൾ സ്റ്റേഷൻ പരിധിയ്ക്കുള്ളിലെ വാഹനപകടങ്ങളുടേയും ട്രാഫിക് കുറ്റകൃത്യങ്ങളുടേയും ബാഹുല്യം കണക്കിലെടുത്ത് എം.സി റോഡും ദേശീയ പാതയും സംഗമിക്കുന്ന അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

പെരുവണ്ണാമൂഴിയിലെ പോലീസ് സ്റ്റേഷൻ നിർമ്മാണം

307 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തം കെട്ടിടത്തിലല്ലാതെ പ്രവർത്തിക്കുന്ന എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്നും അത് ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് കേന്ദ്രമായ പെരുവണ്ണാമൂഴിയിൽ പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ;

(സി) പെരുവണ്ണാമൂഴിയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം അനുവദിച്ചിരുന്നോ; അനുവദിച്ച സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിൽ പുതിയ സ്ഥലം കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുതിയ സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷന്റെ അധികാര പരിധി</u>

308 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം, കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്തുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന് അന്വേഷണ ചുമതല കൈമാറുകയുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം കേസുകളിൽ; ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ അധികാര പരിധിക്ക് പുറത്തുള്ളവർക്ക് അന്വേഷണ ചുമതല കൈമാറാൻ ഡി.ജി.പി.ക്ക് അധികാരമില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളതായി സർക്കാരിനറിയാമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ക്രൈംമാസികയുടെ പത്രാധിപര്‍ നടത്തിയ കോടതി വ്യവഹാര കേസ്സുകള്‍</u>

309 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്രൈം മാസികയുടെ പത്രാധിപര്‍ നടത്തിയ കോടതി വ്യവഹാര കേസ്സുകള്‍ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളില്‍ സി.ബി.ഐ. കോടതിയില്‍ സി.ബി.ഐ. കര്‍ശന നിയമനടപടി ആവശ്യപ്പെട്ട കേസ് ഏതാണെന്നും,ന്നും, സി.ബി.ഐ.യുടെ നിരീക്ഷണം എന്തായിരുന്നുവെന്നും വിശദമാക്കാമോ;

(സി) ടിയാന്‍ പൊതുതാത്പര്യത്തിന്റെ മറവില്‍ ക്രിമിനല്‍ ലക്ഷ്യത്തോടെ വ്യാജതെളിവുകളും വ്യാജ മൊഴികളും ഉണ്ടാക്കി വ്യവഹാരങ്ങള്‍ നടത്തിവരുന്നതായ ആക്ഷേപങ്ങള്‍ സംബന്ധിച്ച കേസുകളില്‍ അന്വേഷണം നടന്നുവോ;വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**മാധ്യമ പ്രവർത്തകനെതിരെയുള്ള അന്വേഷണം**

310

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശാഭിമാനി തലശ്ശേരി ലേഖകൻ പി.ദിനേശനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ;

(ബി) ദിനേശനെതിരെ ചുമത്തിയിരിക്കുന്ന കുറ്റം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സമരം റിപ്പോർട്ട് ചെയ്യാൻ പോകുന്ന മാധ്യമ പ്രവർത്തകർക്കെതിരെ കേസെടുക്കുന്നത് പത്രസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദിനേശനോടൊപ്പം സമരം റിപ്പോർട്ട് ചെയ്യാനെത്തിയ മറ്റേതെങ്കിലും മാധ്യമ പ്രവർത്തകനെതിരെ കേസെടുത്തിട്ടുണ്ടോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>രാഷ്ട്രീയപ്രവർത്തകരുടേയും പൊതുപ്രവർത്തകരുടേയും പിൻവലിച്ച കേസുകളുടെ വിശദാംശം</u>

311 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാഷ്ട്രീയ പ്രവർത്തകരും പൊതുപ്രവർത്തരും പ്രതിപ്പട്ടികയിലുള്ള എത്ര കേസ്സുകൾ പിൻവലിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) പിൻവലിച്ച കേസ്സുകളെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പിൻവലിച്ച ഓരോ കേസ്സുകളും ഏതു സംഭവവുമായി ബന്ധപ്പെട്ടതാണെന്ന വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പത്രപ്രവര്‍ത്തകരുടെ കേസ്</u>

312 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഇതുവരെ പത്രപ്രവര്‍ത്തകരായ ആരുടെയെല്ലാം പേരില്‍ കേസ്സെടുക്കുകയുണ്ടായോ; കേസ് നമ്പര്‍ സഹിതം അവ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പിൻവലിക്കപ്പെടുന്ന കേസുകൾ</u>

313 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പോലീസ് ക്രൈമുകളും, എത്ര ക്രൈം ബ്രാഞ്ച് കേസുകളും, എത്ര വിജിലൻസ് കേസുകളും പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയെന്ന് വിശദമാക്കാമോ;

(ബി) പിൻവലിച്ച എത്ര കേസുകളിൽ കോടതി നടപടികൾ പൂർത്തിയായി;

(സി) സംസ്ഥാന മുഖ്യമന്ത്രിക്കെതിരെയും, മന്ത്രിമാർക്കെതിരെയുമുള്ള ഏതെങ്കിലും, പോലീസ്, ക്രൈം ബ്രാഞ്ച്, വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ലാവ്ലിൻ കേസ്</u>

314 ശ്രീ. അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ
'' എ. റ്റി. ജോർജ്ജ്
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാവ്ലിൻ കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിപട്ടികയിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കേസ് സംബന്ധിച്ച് വിചാരണ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>വനിതാ സബ് ഇൻസ്പെക്ടർമാരുടെ നിയമനവും</u>
<u>വനിതാ പോലീസുകാർക്ക് വിശ്രമമുറിയും</u>

315 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷൻ/സർക്കിൾ ആഫീസ്/സബ് ഡിവിഷൻ ആഫീസ് അടിസ്ഥാനത്തിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാർക്ക് വസ്ത്രം മാറുന്നതിനും വിശ്രമിക്കുന്നതിനുമായി മുറികൾ നിലവിലുണ്ടോ;

(സി) വിശ്രമമുറികൾ ഇല്ലാത്ത സ്റ്റേഷനുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ; ടി സ്ഥലങ്ങളിൽ അവ അടിയന്തിരമായി സജ്ജീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

വനിതാ സബ് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ

316 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1991 ബാച്ചിലെ വനിതാപോലീസുകാരിൽ എത്ര പേരെ ഇനി സബ് ഇൻസ്പെക്ടർമാരായി പ്രമോട്ട് ചെയ്യാൻ ഉണ്ട്; അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വനിതാ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കാനുള്ള 1991 ബാച്ചിലെ വനിതാ ഹെഡ് കോൺസ്റ്റബിൾമാരുടെ ഇന്റലിജൻസ് ബ്യൂറോയിലേക്ക് വില്ലിംഗ്നസ് ചോദിച്ച് അപേക്ഷ സ്വീകരിച്ചതിന്മേലുള്ള തുടർനടപടികൾ വിശദമാക്കുമോ;

(സി) നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും എല്ലാ പോലീസ് സ്റ്റേഷനുകളിലും അഡീഷണൽ എസ്.ഐ മാരായി വനിതാ സബ് ഇൻസ്പെക്ടർമാരെ കൂടി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

**ആംഡ് പോലീസ് സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ്**

317 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആംഡ് പോലീസ് ബറ്റാലിയനിൽ ഉദ്യോഗസ്ഥരുടെ വ്യവസ്ഥാപിതമായ രീതിയിലുള്ള സ്റ്റേറ്റ് സീനിയോറിറ്റി ലിസ്റ്റ് 01.01.1998 -നു ശേഷം പ്രസിദ്ധീകരിക്കാത്തത് എന്തു കൊണ്ടാണെന്നു വിശദമാക്കുമോ ;

(ബി) സീനിയോറിറ്റി ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നിയമനം

318 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യത്തിൽ സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി പരാതിയുയർന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധമായി എന്തെങ്കിലും നടപടി ഹൈക്കോടതി മുൻപാകെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിലെ റൂറൽ എ.ആർ. ക്യാമ്പിന്റെ അടിസ്ഥാന സൗകര്യ വികസനം

319

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ റൂറൽ എ.ആർ. ക്യാമ്പ് എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്നും ക്യാമ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ ചെയ്തു എന്നും വിശദമാക്കുമോ;

(ബി) ക്യാമ്പിന് ചുറ്റുമതിലോ വേലിയോ ഉണ്ടോ എന്നും ഇല്ലെങ്കിൽ ഇവ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ക്യാമ്പിന്റെ സമീപത്തുകൂടി പൊതുജനങ്ങൾക്കായി ഒരു ജീപ്പ് റോഡ് അനുവദിച്ചുകൊണ്ട് ആഭ്യന്തര സെക്രട്ടറി ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി എന്താണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>വനിതാ സബ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കാൻ നടപടി</u>

320 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 23 വർഷം സർവ്വീസ് പൂർത്തീകരിച്ച വനിതാ ഹെഡ്കോൺസ്റ്റബിൾമാർക്ക് ഗ്രേഡ് വനിതാ സബ് ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് സബ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള പോലീസ് ഓഫീസർമാർക്ക് ആനുപാതികമായി 10% വനിതാ പോലീസ് ഓഫീസർമാർ നിലവിലുണ്ടോ ;

(സി) ഇല്ലാത്ത പക്ഷം അപ്രകാരം പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യൽ വിംഗ്(ഡി.സി.ആർ.ഡി, സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്) കളിലെ ആഫീസുകളിൽ വനിതാ സബ് ഇൻസ്പെക്ടർ മുതൽ വനിതാ പോലീസുകാർ വരെയുള്ളവരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ട്രെയിനിംഗ് പീരിഡ്</u>

321 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പോലീസ് സേനയിൽ ട്രെയിനിംഗ് പീരിഡ് സർവ്വീസ് ആയി പരിഗണിച്ചുകൊണ്ട് 22.08.2011-ൽ ഇറങ്ങിയ ഉത്തരവിന്റെ ആനുകൂല്യം 2008 ഒക്ടോബർ മാസത്തിന് ശേഷം പോലീസ് സേനയിൽ നിന്നും വിരമിച്ചവർക്ക് കൂടി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; നാളിതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പോലീസ് കോൺസ്റ്റബിൾമാരുടെ അന്തർജില്ലാ സ്ഥലംമാറ്റം</u>

322 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊലീസ് കോൺസ്റ്റബിൾമാരുടെ അന്തർജില്ലാസ്ഥലമാറ്റത്തിന് നിശ്ചയിച്ചിട്ടുളള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ ലംഘിക്കുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) അന്തർജില്ലാ സ്ഥലംമാറ്റങ്ങൾ വേഗത്തിലാക്കുന്നുന്നതിനുളള പരിഷ്കരണ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പോലീസിൽ ക്രിമിനൽ ബന്ധമുള്ളവരുടെ വിശദാംശം</u>

323 ശ്രീമതി. കെ.എസ്.സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ക്രിമിനൽ ബന്ധമുള്ളവർ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) സർക്കാരിന്റെ കണക്ക് പ്രകാരം എത്ര പോലീസ് ഉദ്യോഗസ്ഥർക്കാണ് ക്രിമിനൽ ബന്ധമുള്ളത്: ഔദ്യോഗിക പദവി ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൂലി കേസ്സിൽ പ്രതികളായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട്: അവർ ആരെല്ലാം; ഓരോരുത്തരും ഏത് പദവികളിലായിരുന്നു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥർ ബ്ലേഡ് മാഫിയ മീറ്റർ പലിശയ്ക്ക് പണം കൊടുക്കൽ എന്നിവയിൽ പ്രതികളായിട്ടുണ്ട്: ഇവർ ആരെല്ലാം; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു: വ്യക്തമാക്കുമോ;

(ഇ) നിലവിൽ വിവിധ കേസ്സുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥരാണ് അന്വേഷണം നേരിടുന്നതെന്ന് കേസുകളുടെ വിവരവും ഔദ്യോഗിക പദവിയും തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ക്രിമിനൽ, മാഫിയാ സംഘങ്ങളുമായി പോലീസ്കാർക്കുള്ള ബന്ധങ്ങൾ

324 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സിൽപ്പെട്ട എത്ര പോലീസുകാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ക്രിമിനൽ, മാഫിയാ സംഘങ്ങളുമായി പോലീസ്കാർക്കുള്ള ബന്ധങ്ങൾ നിരീക്ഷിക്കുന്നതിനും, കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ഇപ്പോഴുള്ള സംവിധാനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പോലീസ് മാഫിയ ബന്ധം</u>

325 ശ്രീ. മുല്ലക്കര രത്നാകരൻ
,, ജി.എസ്. ജയലാൽ
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ്-മാഫിയ ബന്ധങ്ങളെക്കുറിച്ച് അന്വേഷണങ്ങൾ നടക്കുന്നുണ്ടോ ;

(ബി) മാഫിയ ബന്ധമുള്ള എത്ര പേർ പോലീസ് സേനയിൽ ഉണ്ട് ; ഇതിൽ ഗുണ്ടകൾ, മണ്ണ്, മണൽ, ക്വാറി എന്നീ ഓരോ മാഫിയാ വിഭാഗവുമായി ബന്ധമുള്ള എത്ര പേർ വീതമുണ്ട്, ഒന്നിൽ കൂടുതൽ മാഫിയകളുമായി ബന്ധമുള്ള എത്രപേരുണ്ട് ;

(സി) വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചിട്ടുള്ള പോലീസ് സേനാംഗങ്ങളെ കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>മണൽ മാഫിയാ സംഘാംഗങ്ങൾക്കെതിരെയുള്ള കേസ്</u>

326 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേസിൽ പ്രതികളായ മണൽമാഫിയാ സംഘാംഗങ്ങളെ വളപട്ടണം പോലീസ് സ്റ്റേഷനിൽ നിന്നും മോചിപ്പിച്ചുക്കൊണ്ടുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിയുടെമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആയതിന്റെ എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കുമോ;

(സി) പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്ന് വിശദമാക്കുമോ;

(ഡി) ഈ കൃത്യത്തിന്റെ പേരിൽ പ്രതിയെ അറസ്റ്റ് ചെയ്യുകയോ കോടതിയിൽ ഹാജരാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പോലീസ് സേനയിലുള്ളവരെ സംബന്ധിച്ച വിവര ശേഖരണം</u>

327

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം പോലീസ് സേനയിലുള്ളവരെ സംബന്ധിച്ച വിവര ശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം നിലയിലുള്ള വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ശേഖരിക്കപ്പെട്ട വിവരങ്ങളുടെയടിസ്ഥാനത്തിൽ പോലീസ് ഓഫീസർമാരുടെ പ്രവർത്തന സ്വഭാവ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പോലീസ് ഓഫീസർമാരുടെ സ്വഭാവം സംബന്ധിച്ച വിവര ശേഖരണം നടത്തുന്നതിന് ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയത് എപ്പോഴായിരുന്നു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഭൂമി ഇടപാടുകളിൽ വ്യാജ കറൻസി നോട്ടുകളുടെ കൈമാറ്റം</u>

328 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന ഭൂമി ഇടപാടുകളിൽ വ്യാജ കറൻസി നോട്ടുകളുടെ കൈമാറ്റം നടക്കുന്നുവെന്ന് കേന്ദ്ര ധനമന്ത്രാലയത്തിന്റെ ധനകാര്യ ഇന്റലിജൻസ് സംസ്ഥാനത്തിന് മുന്നറിയിപ്പ് നല്കിയിട്ടുണ്ടോ: ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കിഴക്കൻ മലയോര മേഖലകളിൽ ഭൂമി ഇടപാടുകൾ വർദ്ധിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തുകയുടെ ഭൂമി കൈമാറ്റം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ഭൂമിയിടപാടുകളെ സംബന്ധിച്ച് സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗം ആഭ്യന്തര വകുപ്പിന് എന്തെങ്കിലും മുന്നറിയിപ്പ് നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) വ്യാജ കറൻസി നോട്ടുകൾ ഉപയോഗിച്ച് ഭൂമിയിടപാടുകൾ നടത്തിയതിന്റെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ക്വാറി ഉല്പന്നങ്ങളും മണലും കൊണ്ടുപോകുന്ന ലോറികൾക്ക് നിയന്ത്രണം</u>

329 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്വാറി ഉല്പന്നങ്ങളും മണലും കൊണ്ടുപോകുന്ന ലോറികൾക്കും മറ്റ് വലിയ വാഹനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് പാലിക്കേണ്ടത്; വിശദാംശം നൽകുമോ;

(ഡി) സ്ക്കൂൾ-ഓഫീസ് സമയങ്ങളിൽ പ്രസ്തുത വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>സർക്കാർ ഭൂമിയും തോട്ടങ്ങളും അന്യായമായി കൈവശം വയ്ക്കുന്നവർക്കെതിരെയുള്ള കേസുകൾ</u>

330 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയും തോട്ടങ്ങളും അന്യായമായി കൈവശം വെച്ച് വരുന്ന ഏതെല്ലാം ആളുകൾക്ക് എതിരെ എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ കേസുകളിൽ അന്വേഷണം പൂർത്തിയാക്കിവ എത്രയാണ്;

(സി) എത്ര കേസുകളിൽ സർക്കാരിന് അനുകൂലമായി കോടതിയിൽ നിന്നും വിധിയുണ്ടായിട്ടുണ്ട്; വിധി നടപ്പിലാക്കിയിട്ടില്ലാത്ത കേസുകൾ എത്ര?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ഭൂതത്താൻ കെട്ട് ടൂറിസം കേന്ദ്രത്തിൽ പോലീസ് ഔട്ട് പോസ്റ്റ് അനുവദിക്കുന്ന നടപടി</u>

331 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂതത്താൻ കെട്ട്' ടൂറിസം കേന്ദ്രത്തിൽ സന്ദർശകർക്ക് ഗുണകരമായി പോലീസ് ഔട്ട് പോസ്റ്റ് ഉടൻ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പോലീസ് ഔട്ട് പോസ്റ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>കോടതിപരിസരത്ത് രഹസ്യ ക്യാമറ</u>

332 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെങ്കിലും കോടതിപരിസരത്ത് രഹസ്യക്യാമറയുടെ സുരക്ഷാവലയം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; ഈയിനത്തിൽ എത്ര രൂപ ചെലവഴിച്ചു?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ നിന്നും മരം മുറിച്ചു കടത്തിയ സംഭവം</u>

333 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട എസ്.എ.പി. ക്യാമ്പിൽ നിന്നും മരം മുറിച്ചു കടത്തിയ സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടന്നിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ മരങ്ങൾ മുറിച്ച് മാറ്റിയത് ;

(ഡി) കുറ്റക്കാരാണെന്ന് കണ്ടെത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>പോലീസ് കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചതിന് നടപടി</u>

334 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലെടുത്തവരെ വിട്ടയക്കാൻ പോലീസ് സ്റ്റേഷനിൽ രണ്ടു മുൻ മന്ത്രിമാർ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിച്ചതിന് ഇവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ ; ഏത് വകുപ്പിലാണ് കേസ്സെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമരത്തിന് ആധാരമായി കസ്റ്റഡിയിലെടുത്തവരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ് ; ഏതെല്ലാം വകുപ്പുകൾ ഉപയോഗിച്ചാണ് കേസെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ജനപ്രതിനിധികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തുന്ന നടപടി</u>

335 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും നിയമസഭാ സാമാജികരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജനപ്രതിനിധികളെ, ഏതെല്ലാം പോലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നാവശ്യപ്പെട്ടു; ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത ജനപ്രതിനിധികൾക്ക് നോട്ടീസ് നൽകുകയുണ്ടായി;

(സി) പ്രാഥമിക മൊഴിയെടുക്കലിന്റെ ഭാഗമായി നിയമസഭാ സാമാജികരെ സ്റ്റേഷനിലേക്ക് നോട്ടീസ് അയച്ച് വിളിച്ചുവരുത്തുന്നത് ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമാണോ;

(ഡി) ജനാധിപത്യവ്യവസ്ഥയിൽ നിയമസഭാംഗത്തിനുള്ള സ്ഥാനം അംഗീകരിക്കാതെയുള്ള ഇത്തരം നടപടി ഉചിതമായിട്ടുള്ളതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ഹൈക്കോടതിയിൽ സർക്കാർ ഫയൽ ചെയ്ത അഫിഡവിറ്റ്

336 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസ്ലീം ലീഗ് എം.എൽ.എ. ശ്രീ. പി. കെ. ബഷീറിനെതിരെയുള്ള കേസ് പിൻവലിക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവിനെതിരെ മലപ്പുറം ജില്ലയിലെ അബ്ദുൾ വഹാബ് എന്നയാൾ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയ കേസ് എന്തായിരുന്നു; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>സുപ്രീം കോടതി ജഡ്ജിക്കെതിരെയുള്ള പരാമർശം</u>

337 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതി ജഡ്ജിക്ക് കൈക്കൂലി നൽകിയതിന് താൻ സാക്ഷിയാണെന്ന കെ. സുധാകരൻ, എം. പി.യുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് കേരള പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടക്കുന്നതിനാൽ പോലീസ് അന്വേഷണം വേണ്ടെന്ന നിലയിൽ ബന്ധപ്പെട്ട കോടതിയിൽ പോലീസ് നിലപാട് സ്വീകരിക്കുകയുണ്ടായോ; യഥാർത്ഥത്തിൽ ഇത് സംബന്ധമായി സി. ബി. ഐ. അന്വേഷണം നടക്കുന്നതായി അറിവുണ്ടോ;

(സി) സുധാകരൻ എം.പി. ഏത് സുപ്രീം കോടതി ജഡ്ജിയ്ക്കെതിരെയാണ് പരാമർശം നടത്തിയിരുന്നത് എന്ന് വ്യക്തമായിട്ടുണ്ടോ; പ്രസ്തുത ജഡ്ജിയിൽ നിന്നും പണം കൊടുത്തുവെന്ന് എം. പി. വെളിപ്പെടുത്തിയവരിൽ നിന്നും അന്വേഷണത്തിന്റെ ഭാഗമായി മൊഴിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കുടുംബകോടതികൾ</u>

338 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു: ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുവാൻ തീരുമാനിച്ച കുടുംബകോടതികളിൽ ഇതുവരെ എത്രയെണ്ണം ആരംഭിച്ചുവെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങലിൽ കുടുംബകോടതി തുടങ്ങുന്നതിന് വേണ്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണന്നും ഇത് എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) ഇതിനായി പുതിയതായി വേണ്ട സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ജുഡീഷ്യൽ ഓഫീസർമാരുടെ ഒഴിവുകൾ

339 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജുഡീഷ്യൽ ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാ ജഡ്ജിമാർ തുടങ്ങി മുൻസിഫ്/മജിസ്ട്രേറ്റ് വരെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(സി) കേന്ദ്ര ഫണ്ടിന് ആനുപാതികമായി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കാത്തതാണ് സംസ്ഥാനത്തെ വിവിധ ഫാസ്റ്റ് ട്രാക്ക് കോടതികളുടെ അടച്ചുപൂട്ടലിന് കാരണമെന്ന ബഹു. സുപ്രീം കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ നിലനിർത്തുവാനും, സ്ത്രീ വിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും പുതിയ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുവാനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012–ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മാണം</u>

340 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ എം. എ. സി. റ്റി. കോടതിയും, സബ്കോടതിയും അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

പോലീസ് കംപ്ലയിന്റ് അതോറിറ്റി മുൻപാകെ ലഭിച്ച പരാതികൾ

341 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റി മുൻപാകെ നാളിത് വരെ ലഭിച്ച പരാതികൾ എത്രയാണെന്നും, എത്ര പരാതികളിന്മേൽ അന്തിമ തീരുമാനം ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ലഭ്യമായവയിൽ പരാതി ശരിയായിട്ടുള്ളതാണെന്നു വിലയിരുത്തപ്പെട്ടവ എത്ര; എത്ര പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കോഴിക്കോട് വിമാനത്താവളം വഴിയുള്ള യാത്രക്കാർക്കെതിരെയുള്ള കേസുകൾ</u>

342 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ടിലെ തെറ്റുകൾ കാരണം, കോഴിക്കോട് വിമാനത്താവളം വഴി യാത്രചെയ്ത എത്ര പേരുടെ പേരിൽ ഈ വർഷം (2012) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു ; എത്ര പേരെ റിമാന്റ് ചെയ്തിട്ടുണ്ട് ;

(സി) മറ്റ് വിമാനത്താവളങ്ങളിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് വിമാനത്താവളത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചതായ പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേസ്സിൽ അകപ്പെട്ടവരിൽ നിന്നും പോലീസ് പണം കൈപ്പറ്റിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(എഫ്) ഈ കേസ്സിൽ അകപ്പെട്ടവരിൽ നിന്നും വിശദമായ മൊഴിയെടുത്ത് നീതി നടപ്പിലാക്കുന്നതിന് ഫലപ്രദമായ അന്വേഷണത്തിന് ഉത്തരവിടുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കുടുംബശ്രീ പ്രവര്‍ത്തകര്‍ക്കെതിരെയുള്ള നടപടി</u>

343 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്രട്ടേറിയറ്റിന് മുന്നില്‍ സഹനസമരം നടത്തിയ കുടുംബശ്രീ പ്രവര്‍ത്തകര്‍ക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) എത്ര കുടുംബശ്രീ പ്രവര്‍ത്തകര്‍ക്ക് എതിരെ എന്തെല്ലാം കുറ്റങ്ങള്‍ ചുമത്തിയാണ് കേസ് എടുത്തിട്ടുള്ളത്;

(സി) 2012 ഒക്ടോബര്‍ 2 മുതല്‍ 9വരെ നീണ്ടുനിന്ന പ്രസ്തുത സമരത്തില്‍ സംസ്ഥാനത്ത് നിന്നു എത്ര കുടുംബശ്രീ പ്രവര്‍ത്തകര്‍ പങ്കെടുത്തതായിട്ടാണ് പോലീസ് കണക്കെന്ന് വെളിപ്പെടുത്താമോ;

(ഡി) കുടുംബശ്രീ പ്രവര്‍ത്തകര്‍ക്ക് പുറമേ മറ്റ് ആര്‍ക്കെല്ലാം എതിരെ കേസ് എടുക്കുകയുണ്ടായി?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ട്</u>

344 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോമസ് പി. ജോസഫ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാറാട് കൂട്ടക്കൊലക്കേസ് ഗൂഡാലോചന ഉൾപ്പെടെയുള്ളവ സി.ബി.ഐ. യെക്കൊണ്ടന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്രത്തിനയച്ച കത്തിന്മേലുള്ള കേന്ദ്രനിലപാടെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കേസന്വേഷണം സി.ബി.ഐ.യെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടികളൊന്നും സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

ശ്രീ. പി. കെ. ബഷീർ എം.എൽ.എ.യ്ക്കെതിരെയുള്ള ക്രിമിനൽ കേസ്

345 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. പി. കെ. ബഷീർ എം.എൽ.എയ്ക്കെതിരെയുള്ള ക്രിമിനൽ കേസ് പിൻവലിക്കുന്നത് പൊതു താല്പര്യം മുൻ നിർത്തിയാണെന്ന് ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതില അടങ്ങിയിരിക്കുന്ന പൊതു താല്പര്യം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

സി. ബി. ഐ. അന്വേഷണത്തിന് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം

346 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. ഐ. അന്വേഷണത്തിന് സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനം കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ മന്ത്രാലയത്തിന് യഥാസമയം അയച്ചുകൊടുക്കാതെ കുറ്റം ആരോപിക്കപ്പെട്ടയാളുമായി ആഭ്യന്തരവകുപ്പുമന്ത്രി ഒത്തുകളിച്ചതായി പരാതിപ്പെട്ടുകൊണ്ടുള്ള ജോമോൻ പുത്തൻ പുരയ്ക്കലിന്റെ ഹർജി കോട്ടയം സ്പെഷ്യൽ വിജിലൻസ് കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതായി അറിയാമോ;

(ബി) ഇത് സംബന്ധമായി അന്വേഷിക്കാൻ കോടതി ഉത്തരവായിട്ടുണ്ടോ; അന്വേഷണം നടത്തുന്ന ഏജൻസി ആഭ്യന്തര വകുപ്പ് മന്ത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിലാണോ;

(സി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഗസറ്റ് നോട്ടിഫിക്കേഷൻ അയച്ചുകൊടുത്തത് എന്നായിരുന്നു; ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതി എന്നായിരുന്നു; നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ എത്ര ദിവസത്തെ കാലതാമസം വരുത്തുകയുണ്ടായി ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>ചാച്ചാ നെഹ്റു ചിൽഡ്രൻസ് ലൈബ്രറിക്കുള്ള സ്ഥലം വിറ്റ നടപടി</u>

347 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ അയ്യന്തോളിലെ ചാച്ചാ നെഹ്റു ചിൽഡ്രൻസ് ലൈബ്രറി സ്ഥലം സ്വകാര്യ വ്യക്തിക്ക് വിറ്റ നടപടിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ വിജിലൻസ് കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) ഈ കേസിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് കണ്ടെത്തപ്പെട്ടവർ ആരൊക്കെയാണ്;

(സി) കോൺഗ്രസ്സ് (ഐ) നേതാവും മുൻ സ്പീക്കറും ലൈബ്രറി പ്രസിഡണ്ടുമായ ശ്രീ തേറമ്പിൽ രാമകൃഷ്ണൻ. എം.എൽ.എ.യെ സംബന്ധിച്ച പരാതി എന്താണ്;

(ഡി) വിജിലൻസ് കോടതിയിൽ സർക്കാർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് കോടതി അംഗീകരിക്കുകയുണ്ടായോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>വ്യവസ്ഥകൾക്ക് വിരുദ്ധമായ അന്വേഷണ ചുമതല</u>

348 ശ്രീ. ഇ. പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, എസ്. രാജേന്ദ്രൻ
ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാരപരിധിക്കു പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥന് അന്വേഷണചുമതല കൈമാറുന്നത് നിയമാനുസൃതമാണോ ; വിശദമാക്കാമോ ; ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിരീക്ഷണവും ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ സർക്കാർ എത്ര കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷന്റെ അധികാരപരിധിക്ക് പുറത്തുള്ള ഉദ്യോഗസ്ഥന് അന്വേഷണ ചുമതല കൈമാറിയിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയിൽനിന്നും പിന്മാറാനും അന്വേഷണങ്ങളിൽ നിഷ്പക്ഷത ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ബുദ്ധിമുട്ടുകൾ

349 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിൽ ജീവനക്കാരുടെ കുറവ്മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇവിടെയുള്ള പഴക്കം ചെന്ന വാഹനങ്ങളും ഉപകരണങ്ങളും മാറ്റാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പുതിയത് അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാമോ;

(സി) ഫയർ എഞ്ചിനുകളിൽ വെള്ളം നിറയ്ക്കുന്നതിനാവശ്യമായ ഹൈഡ്രെന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>പരവൂർ ഫയർ സ്റ്റേഷൻ</u>

350 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ ഫയർ സ്റ്റേഷൻ വാടക കെട്ടിടത്തിൽ ഏറെ ബുദ്ധിമുട്ടുകളോടെ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് പരവൂർ പോലീസ് സ്റ്റേഷൻ കോംമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നുവോ;

(സി) പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് ചീഫിൽ നിന്ന് സമ്മതപത്രം ലഭിച്ചുവോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കുമോ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

അഗ്നിശമന സേനയിലെ സ്ഥലംമാറ്റം

351 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അഗ്നിശമന സേനയിൽ എത്ര പേരെ സ്ഥലം മാറ്റി നിയമിച്ചു എന്ന് വിശദമാക്കുമോ ;

(ബി) സ്ഥലം മാറ്റത്തിന് അപേക്ഷ നൽകാത്ത ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(സി) നിയമനം ലഭിച്ച് ഒരു മാസത്തിനുള്ളിൽ സ്ഥലംമാറ്റം ലഭിച്ചവർ എത്രപേർ ; ആറ് മാസത്തിനുള്ളിൽ സ്ഥലം മാറ്റം ലഭിച്ചവർ എത്രപേർ ; ഒരു വർഷത്തിനുള്ളിൽ സ്ഥലംമാറ്റം ലഭിച്ചവർ എത്ര പേർ; വ്യക്തമാക്കാമോ ;

(ഡി) നിയമനം ലഭിച്ച് അഞ്ച് വർഷത്തിന് ശേഷവും സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കാത്തവർ എത്രപേർ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>അഗ്നിശമന സേനയിലെ അഡ്മിനിസ്ട്രേറ്റർ ഓഫീസർ തസ്തിക</u>

352 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണ മാറ്റമുണ്ടായെന്ന് വ്യക്തമാക്കാമോ ;

(ബി) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>എം. എൽ. എ. ഫണ്ട് തിരിമറി</u>

353 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. ഫണ്ട് തിരിമറി സംബന്ധിച്ച നെയ്യാറ്റിൻകര എം. എൽ. എ. ശ്രീ. സെൽവരാജിനെതിരെയുള്ള വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) എത്ര മാസത്തിനകം അന്വേഷണം നടത്തിറിപ്പോർട്ട് സമർപ്പിക്കാനാണ് പ്രത്യേക വിജിലൻസ് കോടതിയുടെ ഉത്തരവ് ;

(സി) ഒറ്റ പ്രവൃത്തിക്ക് രണ്ട് എസ്റ്റിമേറ്റ് ഉണ്ടാക്കി രണ്ട് ഭരണാനുമതികൾ സംഘടിപ്പിക്കുകയും, വ്യാജരേഖകളിലൂടെ രണ്ട് വകുപ്പുകളുടെ ഫണ്ട് തട്ടിയെടുക്കുകയും ചെയ്തു എന്ന ആക്ഷേപം വിജിലൻസ് വകുപ്പിന്റെ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

**കുട്ടികളുടെ ലൈബ്രറിയ്ക്കായുള്ള ഭൂമി സംബന്ധിച്ച വിജിലൻസ് അന്വേഷണം**

354 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ലൈബ്രറിക്കായുള്ള ഭൂമി സ്വകാര്യ വ്യക്തിയ്ക്ക് വിറ്റതുമായി ബന്ധപ്പെട്ട് വിജിലൻസ് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എയ്ക്കെതിരെ കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അന്വേഷണം ആരംഭിച്ചത് ;

(സി) പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അന്വേഷണം ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

മുൻ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട്
ഭൂമി അനുവദിച്ചത്

355

ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, എം. പി. വിൻസന്റ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചതു സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ കേസ്സിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേസിൻമേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പാമോലിൻ കേസ്</u>

356 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോലിൻ കേസിൽ അന്നത്തെ ധനകാര്യ മന്ത്രിയും ഇപ്പോഴത്തെ മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻചാണ്ടിയെ പ്രതിയാക്കാൻ ആവശ്യമായ തെളിവുകൾ ഇല്ലെന്ന് വിജിലൻസ് ഡയറക്ടർ തൃശ്ശൂർ വിജിലൻസ് കോടതിയെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഈ കേസിൽ വിജിലൻസ് കോടതിയിൽ നിന്നുണ്ടായ ഉത്തരവിനെതിരെ കേരള ഹൈക്കോടതിയിൽ വന്ന കേസിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിക്കുകയുണ്ടായോ ;

(സി) എങ്കിൽ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി ഭൂമി പ്രശ്നം</u>

357 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഭൂമി പ്രശ്നത്തിൽ ധനകാര്യവകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണിയ്ക്കും ഗവ. ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജ്ജിനും എതിരെ വിജിലൻസ് കേസ് എടുക്കാൻ വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(ബി) കോടതിയുടെ മുൻപാകെ വന്ന ഹർജിയിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിക്കപ്പെട്ടിരിക്കുന്നത്; ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണം നടത്തുകയുണ്ടായോ; പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ്;

(സി) വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്തെല്ലാം സംഗതികളാണ് വിജിലൻസ് അന്വേഷണത്തിന് വിട്ടിരിക്കുന്നത്?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി</u>
<u>സ്വകാര്യസ്ഥാപനങ്ങൾക്ക് പതിച്ചു നൽകൽ</u>

358 ശ്രീ.കെ. രാധാകൃഷ്ണൻ
,,പി. ശ്രീരാമകൃഷ്ണൻ
,,പി. റ്റി. എ. റഹീം
,,കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യസ്ഥാപനങ്ങൾക്ക് പതിച്ചു നൽകാനുള്ള നടപടികളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ടോ;

(ബി) ആർക്കെല്ലാം എതിരായിട്ടാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; ഉൾപ്പെട്ട മന്ത്രിമാർ ആതൊക്കെ;

(സി) അന്വേഷണത്തിന് ചുമതലപ്പെട്ടവർ ആരൊക്കെ; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;വ്യക്തമാക്കുമോ;

(ഡി) അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 10.12.2012-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വനഭൂമി കയ്യേറ്റം</u>

359 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി വനഭൂമിയിൽ കയ്യേറ്റക്കാരെ വഴിവിട്ട് സഹായിച്ചുവെന്ന പരാതിയിന്മേലുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രി കെ.എം. മാണിയ്ക്കും ചീഫ് വിപ്പ് പി.സി ജോർജ്ജിനുമെതിരെ വിജിലൻസ് അന്വേഷണം ആരംഭിച്ചോ ;

(ബി) എന്നാണ് അന്വേഷണം ആരംഭിച്ചത്;

(സി) ആരൊക്കെയാണ് അന്വേഷണ സംഘത്തിലുള്ളത് ;

(ഡി) അന്വേഷണം പൂർത്തിയായോ ;

(ഇ) ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 10.12.2012–ലെ മറുപടിക്ക്

<u>ബ്രഹ്മപുരം ഡീസൽ നിലയം അഴിമതി</u>

360 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രഹ്മപുരം ഡീസൽ നിലയം അഴിമതി സംബന്ധിച്ച് വിജിലൻസ് കേസ് നിലവിൽ ഉണ്ടോ ;

(ബി) ഈ കേസിൽ ഐ.എ.എസ് ഉദ്യോഗസ്ഥരെയടക്കം വിചാരണ ചെയ്യാനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിരുന്നോ ;

(സി) ഈ കേസ് അന്വേഷിക്കുന്ന വിജിലൻസ് സംഘത്തെ പരിച്ചുവിട്ടുവെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് സബ്ജയിൽ ഭേദനം</u>

361 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ്ജയിലിൽ നിന്നും വാർഡനെ ആക്രമിച്ച് എത്ര തടവുകാരാണ് ജയിൽ ചാടിയതെന്നും ഇതിൽ എത്ര പേരെയാണ് പിടികൂടിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജയിൽച്ചാട്ടത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) കാസർഗോഡ് സബ് ജയിലിൽ സ്റ്റാഫിന്റെ കുറവോ സുരക്ഷാ വീഴ്ചയോ ഉണ്ടായിട്ടുണ്ടോ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.12.2012-ലെ മറുപടിക്ക്

<u>പരോളിലിറങ്ങിയ തടവുകാര്‍</u>

362 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ ഓരോ ജയിലില്‍ നിന്നും പരോളിലിറങ്ങിയ തടവുകാരുടെ വിവരവും ഓരോരുത്തരും എത്ര ദിവസം വീതം പരോളില്‍ ഇറങ്ങിയിട്ടുണ്ടെന്നും പരോളിലിറങ്ങിയ തടവുകാരുടെ രാഷ്ട്രീയ ആഭിമുഖ്യവും വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവില്‍ 100 ദിവസത്തിലധികം പരോള്‍ ലഭിച്ചിട്ടുള്ള തടവുപുള്ളികളെ സംബന്ധിച്ച വിവരങ്ങളും അവര്‍ ഓരോരുത്തരും ഏതു കേസ്സുകളില്‍ ശിക്ഷിക്കപ്പെട്ടവരാണെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,**
**തിരുവനന്തപുരം സെക്രട്ടറി**
**2012 ഡിസംബര്‍ 01.**